<u>**15 -ാം കേരള നിയമസഭ**</u>

<u>**6 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1168**</u> <u>**30-08-2022 - ൽ മറുപടിയ്ക്ക്**</u>

<u>**ദേശീയപാത വികസനത്തിനായി പോസ്റ്റ് ഓഫീസിന്റെ സ്ഥലം ഏറ്റെടുക്കൽ**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ആറ്റിങ്ങൽ പട്ടണത്തിലെ ദേശീയപാത വികസനത്തിനായി പോസ്റ്റ് ഓഫീസിന്റെ സ്ഥലം വിട്ടു കിട്ടാത്തത് ഗതാഗതകുരുക്കിന് കാരണമാകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (എ) | ആറ്റിങ്ങൽ പട്ടണത്തിലെ ഗതാഗത കുരുക്ക് ഒഴിവാക്കുന്നതിലേയ്ക്കായി നടത്തിയ "Traffic congestion at Attingal Town Road -Improvement work from Moonumukku (535/600) to Poovanpara (532/600) on NH 66" ന്റെ എന്ന പ്രവൃത്തിയുടെ ഫലമായി പട്ടണത്തിലെ ഗതാഗത കുരുക്കിന് വലിയ തോതിൽ പരിഹാരം കാണാൻ സാധിച്ചിട്ടുണ്ട്. പ്രധാന ജംഗ്ഷനായ കച്ചേരിനടയിൽ ഇപ്പോഴും അനുഭവപ്പെടുന്ന ഗതാഗത കുരുക്കിന്റെ കാരണം ആറ്റിങ്ങൽ പോസ്റ്റ് ഓഫീസിന്റെ പക്കലുള്ള സർവ്വേ നം.1352-ൽ 2.43 സെന്റ് വസ്തു പോസ്റ്റ് ഓഫീസ് അധികൃതർ പ്രവൃത്തിക്കായി വിട്ടു നൽകാത്തതിനാലാണ്. പ്രസ്തുത സ്ഥലം ലഭ്യമായാൽ മാത്രമേ ഗതാഗത കുരുക്ക് ഒഴിവാക്കാനുള്ള തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.<br><br>ആറ്റിങ്ങൽ പോസ്റ്റ് ഓഫീസിന്റെ പക്കലുള്ള സർവ്വേ നം.1352-ൽ ഉൾപ്പെട്ട 2.43 സെന്റ് വസ്തു കേന്ദ്ര ക്യാബിനറ്റിന്റെ തീരുമാന പ്രകാരമേ നൽകാനാകു എന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ദേശീയപാത വികസനത്തിനായി വിട്ടുനൽകണമെന്ന് അഭ്യർത്ഥിച്ച് കൊണ്ട് 22.11.2019 ലും 22.06.2021 ലും കേന്ദ്ര വാർത്താവിനിമയ വകുപ്പ് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. സ്ഥലം വിട്ടുകിട്ടുന്നതിനുള്ള ശ്രമങ്ങൾ തുടരുകയാണ്. |

സെക്ഷൻ ഓഫീസർ